# തിരുവിതാംകൂർ ദേവസ്വം ബോർഡ്
## അസി. ദേവസ്വം കമ്മീഷണർ ആഫീസ്, നോർത്ത് പറവൂർ

ROC No. 6/25/A | **ലേലപ്പരസ്യം** | Date: 16/01/2025

ആലുവ ശ്രീ മഹാദേവർ ദേവസ്വം കൊല്ലവർഷം 1200 എം.ഇ. ശിവരാത്രി മഹോത്സവത്തോട നുബന്ധിച്ച് ആലുവ മണപ്പുറത്ത് 25/02/2025 മുതൽ 24/03/2025 വരെയുള്ള കാലയളവിൽ 31 താൽക്കാലിക സ്റ്റാളുകൾ ഒന്നാകെ ലേലം കൊള്ളുന്നതിനുള്ള അവകാശം 30/01/2025 രാവിലെ 10.30 മണി മുതലും 26/02/2025 മുതൽ 28/02/2025 വരെ ഉള്ള കാലയളവിൽ (3 ദിവസം) ഭക്തർക്ക് ബലിതർപ്പണം നടത്തുന്നതിന് താൽക്കാലിക ബലിത്തറകൾ 27/01/2025 ൽ 10.30 മണി മുതലും ആലുവ ദേവസ്വം ആഫീസിൽ വച്ച് ലേലം ചെയ്ത് നൽകുന്നതാണ്. ലേലം സംബന്ധിച്ച വിശദവിവരങ്ങൾ ആലുവ ദേവ സ്വം ഓഫീസിൽ നിന്നോ, പറവൂർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസിൽ നിന്നോ (0484-2442472), www.travancoredevaswomboard.org എന്ന വെബ്സൈറ്റിൽ നിന്നോ ലഭ്യമാണ്.

പറവൂർ

(ഒപ്പ്)

ഫോൺ : 9656963482

അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ

നോർത്ത് പറവൂർ

സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

## ആലുവ മഹാദേവർ ദേവസ്വം കൊല്ലവർഷം 1200 (2025) ശിവരാത്രി മഹോത്സവം സംബന്ധിച്ച് ബലിത്തറകളുടേയും താൽക്കാലിക കടകൾ കെട്ടി കച്ചവടം നടത്തുന്നതിനുള്ള പ്ലോട്ടുകളുടേയും ലേല നിബന്ധനകൾ

## നിബന്ധനകൾ

1. ലേലത്തിൽ പങ്കെടുക്കുന്നവർ ലേലത്തിന് മുമ്പായി ബലിത്തറയ്ക്ക് 5,000/- രൂപയും കച്ചവട സ്ഥാപനങ്ങൾക്കുള്ള പ്ലോട്ടുകൾക്ക് 10,000/- രൂപയും നിരത ദ്രവ്യം ഹാജരാക്കേണ്ടതാണ്.
2. ബലിത്തറകൾ 26/02/2025 മുതൽ 28/02/2025 വരെയും കച്ചവട സ്ഥാപനങ്ങൾ 25/02/20245 മുതൽ 24/03/2025 വരെയും മാത്രമായിരിക്കും കരാർ കാലാവധി. കാലാവധിക്ക് ശേഷം ഒരു ദിവസം പോലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തി പ്പിക്കുവാൻ പാടില്ലാത്തതും പൊളിച്ചുമാറ്റുന്നതുമാണ്. വീഴ്ച വരുത്തുന്ന പക്ഷം ഉണ്ടാകുന്ന നടപടികൾക്ക് കുത്തകക്കാർ മാത്രം ഉത്തരവാദികളായിരി ക്കുന്നതാണ്.
3. എല്ലാ ലേലങ്ങൾക്കും മുമ്പായി ക്വട്ടേഷനുകൾ ഹാജരാക്കാവുന്നതാണ്. ക്വട്ടേ ഷൻ തുകയോ ലേലത്തുകയോ ഏതാണോ കൂടുതൽ ആ തുകയ്ക്കുള്ള ആളുടെ പേരിൽ ലേലം അവസാനിപ്പിക്കുന്നതായിരിക്കും.
4. ലേലം അവസാനിപ്പിച്ചു കഴിഞ്ഞാൽ ലേലത്തുക മുഴുവനായും അപ്പോൾ തന്നെ ലേലക്കാരൻ അടച്ച് രസീത് വാങ്ങേണ്ടതും എഗ്രിമെന്റിൽ ഒപ്പിടേണ്ടതുമാണ്.
5. ബലിത്തറകളുടെ ലേലത്തിൽ പങ്കെടുക്കുന്നവർ തന്ത്രിയുടെ പുരോഹിത സർട്ടിഫിക്കറ്റും പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റും 3 ഫോട്ടോയും തിരിച്ചറി യൽ കാർഡിന്റെ പകർപ്പും ലേലത്തിന് മുമ്പായി ഹാജരാക്കേണ്ടതാണ്.
6. ലേലം പിടിക്കുന്ന ആൾ ബലിത്തറയുടേതല്ലാത്ത പരസ്യബോർഡുകൾ ഒന്നും പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല. ഉച്ചഭാഷിണി അനുവദനീയമല്ല.
7. ബലികർമ്മങ്ങൾക്ക് വാഴയില മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.
8. ബലിത്തറകളിലും കടകളിലും പ്ലാസ്റ്റിക് സാധനങ്ങൾ ഉപയോഗിക്കുന്നതും വിൽപ്പന നടത്തുന്നതും നിരോധിച്ചിരിക്കുന്നു. ഗ്രീൻപ്രോട്ടോക്കോൾ നിർബന്ധ മായും പാലിച്ചിരിക്കേണ്ടതാണ്.
9. **കുത്തകക്കാർ 3,000/- രൂപ വീതം സെക്യൂരിറ്റി തുക അടയ്ക്കേണ്ടതാണ്. ബലി ത്തറകളിലും കടകളിലും ഉണ്ടാകുന്ന ചപ്പുചവറുകളും മാലിന്യങ്ങളും സ്വന്തം ചെലവിൽ അതാത് ദിവസം തന്നെ നീക്കം ചെയ്യേണ്ടതും അപ്രകാരം**

ചെയ്യാത്ത പക്ഷം സെക്യൂരിറ്റിയായി ഈടാക്കിയിട്ടുളള തുക ക്ലീനിംഗ് ചാർജ്ജായി ഡിപ്പാർട്ട്മെന്റിലേക്ക് മുതൽക്കൂട്ടുന്നതാണ്.

10. കുത്തകക്കാർ സ്കെച്ചിലും പ്ലാനിലും നിഷ്കർഷിച്ചിട്ടുളള നിശ്ചിത അളവിൽ കൂടുതൽ സ്ഥലത്ത് ബലിത്തറകളോ കടകളോ കെട്ടുവാൻ പാടുളളതല്ല. ഷീറ്റുകളോ മറ്റോ ഉപയോഗിച്ച് കടയുടെ വിസ്തൃതി വർദ്ധിപ്പിക്കുവാൻ പാടില്ലാത്തതാണ്. അപ്രകാരം പരിശോധനാ ഉദ്യോഗസ്ഥർ കണ്ടെത്തിയാൽ കുത്തക റദ്ദ് ചെയ്ത് ആവർത്തനലേലം നടത്തുന്നതും അതിൻമേൽ ആദ്യ കുത്തകക്കാരന് അവകാശം ഉണ്ടായിരിക്കുന്നതുമല്ല.
11. കുത്തകക്കാർ അനുവദിച്ചിട്ടുളള നിശ്ചിത തീയതികളിൽ മാത്രമേ ബലിത്തറകളും കടകളും പ്രവർത്തിപ്പിക്കുവാൻ പാടുളളൂ. കാലാവധി കഴിയുന്ന ക്രമം പൊളിച്ചുമാറ്റേണ്ടതാണ്.
12. ബലിത്തറകളിലും കടകളിലും മദ്യം, മയക്കുമരുന്ന്, പുകയില ഉത്പന്നങ്ങൾ, മത്സ്യമാംസാദികൾ, സർക്കാർ നിരോധിച്ചിട്ടുളള ഉത്പന്നങ്ങൾ തുടങ്ങിയവ വിൽക്കുകയോ ഉപയോഗിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.
13. കടകൾ നടത്തുന്നവർ ഭക്തജനങ്ങളോട് മാന്യമായി പെരുമാറുകയും ന്യായമായ നിരക്കിൽ മാത്രം സാധനങ്ങൾ വിൽക്കേണ്ടതുമാണ്.
14. ബലിത്തറകളിൽ ഡിപ്പാർട്ട്മെന്റ് നിശ്ചയിച്ചിട്ടുളള ദക്ഷിണ കർമ്മികൾ വാങ്ങേണ്ടതും ഭക്തജനങ്ങളോട് മാന്യമായി പെരുമാറേണ്ടതുമാണ്.
15. കടകളിലേക്കും ബലിത്തറകളിലേക്കും ആവശ്യമുളള വൈദ്യുതി, വെളളം എന്നിവ ലേലക്കാരൻ സ്വന്തം ചെലവിൽ ഏർപ്പെടുത്തേണ്ടതാണ്.
16. ലേലത്തിൽ പങ്കെടുക്കുന്നവർ തിരിച്ചറിയൽ കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും, 3 ഫോട്ടോയും, പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റും ഹാജരാക്കണം.
17. കുത്തകക്കാർ ഒരു കാരണവശാലും ബലിത്തറകളോ കടകളോ മറ്റൊരു വ്യക്തിക്കോ സംഘടനയ്ക്കോ മറിച്ച് കൊടുക്കുവാൻ പാടുളളതല്ല.
18. ബലിത്തറകളിലും കടകളിലും നിയോഗിക്കുന്ന സഹകർമ്മികൾ, മാനേജർ, തൊഴിലാളികൾ മുതലായവരുടെ പൂർണ്ണമായ വിലാസം തിരിച്ചറിയൽ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ലേലക്കാരൻ അഡ്മിനിസ്ട്രേറ്റീവ് ആഫീസറെ അറിയിക്കേണ്ടതാണ്. ഭക്തജനങ്ങൾക്ക് അസൗകര്യം ഉണ്ടാക്കുന്ന വിധം നടന്നുളള കച്ചവടം അനുവദിക്കുന്നതല്ല. ചെടികൾ, ചെടിച്ചട്ടികൾ, കരിമ്പ്, ഐസ്ക്രീ, കപ്പലണ്ടി തുടങ്ങിയ വിൽക്കുന്നതിന് ലേലം ചെയ്ത് നൽകിയിട്ടുളള നിർദിഷ്ട സ്ഥലങ്ങളിൽ മാത്രമേ വിൽക്കുവാൻ പാടുളളൂ.
19. കുത്തകക്കാരൻ ഡിപ്പാർട്ട്മെന്റിന്റെ ലേല നിബന്ധനകളിൽ എന്തെങ്കിലും വിധത്തിലുളള ലംഘനം നടത്തിയാലോ ഭക്തജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിലോ ഡിപ്പാർട്ട്മെന്റിന് റവന്യൂ നഷ്ടമുണ്ടാക്കുന്ന തരത്തിലോ പ്രവർത്തനം നടത്തിയാൽ തൽസമയം കുത്തക റദ്ദ് ചെയ്ത് പുനർ ലേലം

നടത്തുന്നതും ആദ്യകുത്തകക്കാരന് ഇതിന്മേൽ യാതൊരവകാശവും ഉണ്ടായിരിക്കുന്നതല്ല.

20. ലേലം ഉറപ്പിക്കുന്നതിനും നിരാകരിക്കുന്നതിനും ഡിപ്പാർട്ട്മെന്റിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ഡിപ്പാർട്ട്മെന്റിന്റെ നിലവിലുള്ള എല്ലാ ലേല നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കുന്നതാണ്.

21. ലേലക്കാരൻ സർക്കാരിലേക്ക് ഏതെങ്കിലും തരത്തിലുള്ള നികുതി അടയ്ക്കേണ്ടതായി വന്നാൽ സ്വന്തം ചെലവിൽ ആയത് ഒടുക്ക് വരുത്തേണ്ടതാണ്.

22. കുത്തക പ്രദേശങ്ങൾ ഏത് സമയവും പരിശോധിക്കുന്നതിന് ദേവസ്വം പരിശോധനാ ഉദ്യോഗസ്ഥർക്ക് അധികാരം ഉണ്ടായിരിക്കുന്നതും കുത്തകക്കാർ ആയതിന് സഹകരിക്കേണ്ടതുമാണ്.

ലേലം സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ വൈക്കം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആഫീസ് (04829-231318), അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസ് (0484-2442472), അഡ്മിനിസ്ട്രേറ്റീവ് ആഫീസ് ആലുവ എന്നിവിടങ്ങളിൽ നിന്നും www.travancoredevaswomboard.org എന്ന വെബ്സൈറ്റിൽ നിന്നും അറിയാവുന്നതാണ്.

വൈക്കം

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ

വൈക്കം